**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 230** **14-02-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തെ തുടർന്നുള്ള നഷ്ടപരിഹാരം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണത്തെ തുടർന്നുള്ള മരണാനന്തര നഷ്ടപരിഹാരം, ചികിത്സാസഹായം, കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം എന്നിവയ്ക്കായി ലഭിച്ച അപേക്ഷകളിൽ 2021 മുതൽ നാളിതുവരെ 6700 ഓളം അപേക്ഷകർക്ക് നഷ്ടപരിഹാരം നൽകാനുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2021 മുതൽ നാളിതുവരെ 7235 അപേക്ഷകർക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവ്, വ്യക്തമായ രേഖകളുടെ അഭാവം, പരിശോധന നടപടികൾ പൂർത്തികരിക്കാത്തത്, അപേക്ഷ സമർപ്പിക്കാൻ വൈകിയത് എന്നീ കാരണങ്ങളാലാണ് ടി അപേക്ഷകളിന്മേൽ യഥാസമയം നഷ്ടപരിഹാരം നൽകാത്തത്. |
| (ബി) | സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണമാണോ സംസ്ഥാനത്ത് വന്യ ജീവി ആക്രമണത്തെ തുടർന്നുള്ള മരണാനന്തര നഷ്ടപരിഹാരം, ചികിത്സാസഹായം, കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം എന്നിവ പൂർണ്ണമായും നൽകാൻ സാധിക്കാത്തത് എന്ന് വ്യക്തമാക്കാമോ; | (ബി) | ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാലും ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കാത്തതിനാലും, പരിശോധന നടപടികൾ പൂർത്തീകരിക്കാത്തതിനാലുമാണ് വന്യജീവി ആക്രമണത്തെ തുടർന്നുള്ള മരണാനന്തര നഷ്ടപരിഹാരം, ചികിത്സാസഹായം, കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം എന്നിവ പൂർണ്ണമായും നൽകാൻ സാധിക്കാത്തത്. |
| (സി) | 2021 മുതൽ നാളിതുവരെയുള്ള അപേക്ഷകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ യഥാവിധി സമർപ്പിക്കുന്ന മുറയ്ക്കും പരിശോധനകൾ പൂർത്തിയാകുന്ന മുറയ്ക്കും മുൻഗണനാ ക്രമത്തിൽ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ